# കേരള റോഡ് ഫണ്ട് ബോർഡ്

നമ്പർ. 2682/ഇ.എൽ/കെ.ആർ.എഫ്.ബി/2017

## പുനർ ലേല/ വിൽപന പരസ്യം

കേരള റോഡ് ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരസ്യപ്പെടുത്തുന്നത്

വിഖ്യാത ചിത്രക്കാരൻ ശ്രീ. ബി.ഡി. ദത്തന്റെ 'അവസ്ഥ' (Avasta) എന്ന കേരള റോഡ് ഫണ്ട് ബോർഡിന്റെ കൈവശമുള്ള പെയിന്റിംഗ് പരസ്യമായി ലേലം ചെയ്യുന്നതിന്/ വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഈ പെയിന്റിംഗിന്റെ അടിസ്ഥാന വില 90,000/- (തൊണ്ണൂറായിരം രൂപ മാത്രം) രൂപയാണ്.

| | | |
|---|---|---|
| ലേലം/വിൽപ്പന നടത്തുന്ന തീയതി | : | 17.06.2019 പകൽ 11.30 മണി |
| നിരതദ്രവ്യം | : | 5,000/- രൂപ<br>(തുക നേരിട്ട് ബോർഡിൽ അടയ്ക്കാവുന്നതോ അല്ലെങ്കിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും എടുത്ത ഡി.ഡി. ആയോ അടയ്ക്കാവുന്നതാണ്) |

ലേലത്തിൽ/ വിൽപ്പനയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ അവരുടെ ക്വട്ടേഷൻ (നിരതദ്രവ്യം ഉൾപ്പെടെ) മുദ്ര വച്ച കവറിൽ 17.06.2019 രാവിലെ 11.30 മണിക്ക് മുമ്പ് കേരള റോഡ് ഫണ്ട് ബോർഡ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ലഭിക്കാവുന്ന വിധം തപാൽ വഴിയോ, നേരിട്ടോ സമർപ്പിക്കാവുന്നതാണ്. അടിസ്ഥാന വിലയിൽ കൂടുതൽ തുകയ്ക്ക് ക്വട്ടേഷൻ നൽകുന്നവർക്ക്/ ലേലം കൊള്ളുന്ന ആൾക്ക് ലേലം സ്ഥിരപ്പെടുത്തി നൽകുന്നതാണ്. ലേലം ഉറപ്പിച്ച് കഴിഞ്ഞ് 3 ദിവസത്തിനകം മുഴുവൻ തുകയും അടച്ച് പെയിന്റിംഗ് ഏറ്റെടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ലേലം അസാധു ആക്കുന്നതും ടിയാന്റെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതുമായിരിക്കും.

ലേലത്തിൽ പങ്കെടുക്കുന്നതവർ അവരുടെ തിരിച്ചറിയൽ രേഖ ലേല സമയത്ത് ഹാജരാക്കേണ്ടതുമാണ്.

ടി പെയിന്റിംഗ് നേരിട്ട് കാണണമെന്ന് ആഗ്രഹിക്കുന്നവർ മുൻകൂർ അനുവാദത്തോടെ ഓഫീസ് സമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ്.

തീയതി: 27.05.2019

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ